4. ശബരിമല തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യങ്ങൾക്കായും, പാർക്കിംഗ് തുടങ്ങി മറ്റു വിവിധ സൗകര്യങ്ങൾ ഒരുക്കുന്നതിനായും.
5. വനത്തിലുള്ള തോടുകളിൽനിന്ന് മണൽ ശേഖരിക്കുന്നതിനായി.
6. റോഡ് നിർമ്മാണം മുതലായ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി.
7. ജലസേചന പദ്ധതിക്കൾക്കായി.

(ഡി) വനേതര ആവശ്യങ്ങൾക്ക് വിട്ടുകൊടുക്കുന്ന വനഭൂമി ചട്ടപ്രകാരം റിസർവ്വ് വനമായിത്തന്നെ തുടരുന്നതിനാൽ വനഭൂമിയുടെ വിസ്തീർണ്ണം റിക്കാർഡുപ്രകാരം കുറയുന്നതായി കണക്കാക്കപ്പെടുന്നില്ല.

(ഇ) ഉണ്ട്.

(എഫ്) ഉണ്ട്.

സോഷ്യൽ ഫോറസ്ട്രിയുടെ റീജിയണൽ കൺസർവേറ്റർമാരും അതാത് ജില്ലയിലെ അസിസ്റ്റന്റ് കൺസർവേറ്റർമാരും കാലാകാലങ്ങളിൽ വനവൽക്കരണത്തിനായി വച്ചുപിടിപ്പിക്കുന്ന ചെടികളുടെ അതിജീവനത്തെക്കുറിച്ച് വിലയിരുത്തുന്നുണ്ട്. കൂടാതെ വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം ചീഫ് കൺസർവേറ്ററും കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികളും ചെടികളുടെ അതിജീവനത്തെക്കുറിച്ച് വിലയിരുത്തുന്നുണ്ട്. 2003-2004-ൽ സോഷ്യൽ ഫോറസ്ട്രി വിഭാഗം നടത്തിയ അവലോകനത്തിൽ അതിജീവനം 68% മുതൽ 83% ആണെന്ന് കണ്ടിട്ടുണ്ട്.

ആനകളുടെ സംരക്ഷണം

*12 [663] *ശ്രീ. ജോർജ്ജ് ജെ. മാത്യു:*

„ *പി. ടി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിൽ വളർത്തുന്ന ആനകളുടെ സംരക്ഷണം സംബന്ധിച്ച് നിയമ വ്യവസ്ഥകൾ നിലവിലുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഗജോത്സവം നടത്തുമ്പോൾ എന്തെല്ലാം വിധത്തിലുള്ള സംരക്ഷണങ്ങളാണ് ഏർപ്പെടുത്തേണ്ടത്;

(സി) പ്രസ്തുത സംരക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതെപ്രകാരമാണ്;

(ഡി) ടാറിട്ട റോഡുകളിൽക്കൂടി ഉച്ചസമയത്ത് ആനകളെ നടത്തിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):*

(എ) ഉണ്ട്. സർക്കാർ ഉത്തരവ് (പി) നമ്പർ 12/03/വനം വകുപ്പ് തീയതി 26-2-2003 പ്രകാരം കേരളത്തിലെ സ്വകാര്യ ആനകളുടെ സംരക്ഷണത്തിനും

LIBRARY ARCHIVES Kerala Legislative Assembly

പരിപാലനത്തിനും വേണ്ടി കേരള ക്യാപ്റ്റീവ് എലിഫന്റ് (മാനേജ്മെന്റ് ആന്റ് മെയിന്റനൻസ്) ചട്ടങ്ങൾ അംഗീകരിച്ചിട്ടുണ്ട്. ഈ ചട്ടങ്ങളിൽ ആനപാപ്പാൻമാർ, ആനസംരക്ഷണം, ആനയുടെ ഭക്ഷണക്രമം, ജോലിഭാരം, ആനകളെ ഒരിടത്തുനിന്നും മറ്റൊരിടത്തേക്കു കൊണ്ടുപോകൽ, ആനയുടെ റിട്ടയർമെന്റ് എന്നിവയെക്കുറിച്ചുള്ള നിഷ്ക്കർഷതകൾക്കു പുറമേ ആനയോടുള്ള ക്രൂരതകൾ എന്തെല്ലാമാണെന്ന് പറഞ്ഞിട്ടുള്ളതും ആയത് നിരോധിക്കുകയും ചെയ്തിട്ടുണ്ട്. ടി ചട്ടങ്ങളുടെ ലംഘനം വന്യജീവി സംരക്ഷണ നിയമപ്രകാരമുള്ള കുറ്റമായി കണക്കാക്കുന്നതിനും വ്യവസ്ഥയുണ്ട്.

(ബി) ഗജോൽസവം, ഉൽസവങ്ങൾ എന്നിവ നടത്തുമ്പോൾ കാര്യ പരിപാടികളുടെ വിവരങ്ങൾ എഴുതി നിർദ്ദേശിക്കപ്പെട്ട ഓഫീസർമാർക്ക് നൽകേണ്ടതാണ്. ടി ഉദ്യോഗസ്ഥൻമാർ കേരള ക്യാപ്റ്റീവ് എലിഫന്റ് (മാനേജ്മെന്റ് ആന്റ് മെയിന്റൻസ്) ചട്ടങ്ങൾ 2003 പ്രകാരം പരിശോധിക്കുകയും ചട്ടങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

(സി) അതതു പ്രദേശങ്ങളിലെ വനം/പോലീസ് ഉദ്യോഗസ്ഥർ പരിശോധന നടത്തിയാണ് ഉറപ്പാക്കുന്നത്.

(ഡി) കേരള ക്യാപ്റ്റീവ് എലിഫന്റ് (മാനേജ്മെന്റ് ആന്റ് മെയിന്റനൻസ്) ചട്ടങ്ങൾ 2003 പ്രകാരം ഉച്ചവെയിലിൽ ടാർ റോഡിലൂടെ ആനകളെ കൂടുതൽ ദൂരം നടത്തുന്നത് കർശനമായി നിരോധിച്ചിട്ടുണ്ട്. ചട്ടങ്ങളുടെ ലംഘനം വന്യജീവി സംരക്ഷണ നിയമപ്രകാരമുള്ള കുറ്റമായി കണക്കാക്കുന്നതാണ്.

സ്വകാര്യമേഖലയിൽ അത്‌ലറ്റിക് സ്കൂളുകൾ

*13 [664] *ശ്രീ. എൻ. ഡി. അപ്പച്ചൻ:*

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ അതലറ്റിക് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാം; ഇവയ്ക്ക് എന്തെല്ലാം സഹായം നൽകുന്നു;

(സി) ഏതെല്ലാം സ്വകാര്യ അത്‌ലറ്റിക് സ്കൂളുകൾ കെട്ടിടംകെട്ടുന്നതിനും കളിസ്ഥലത്തിനും വേണ്ടി ഗവൺമെന്റിനോട് സ്ഥലം ആവശ്യപ്പെട്ടുവെന്ന് വ്യക്തമാക്കുമോ;

(ഡി) അവർക്ക് സ്ഥലം കൊടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രിക്കുവേണ്ടി ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്):*

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly